പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 535 | 27.09.2011 -ൽ മറുപടിയ്ക്ക് |

## കരകൗശല വസ്തുക്കളുടെ ഉല്പാദനവും വിപണനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>" കെ. ദാസൻ<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ<br>" കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കരകൗശല വസ്തുക്കളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; | (എ) കരകൗശല വസ്തുക്കളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കാൻ ഗുണമേന്മയുള്ള കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി കൊല്ലത്ത് ഉമയനല്ലൂരിൽ മോഡേൺ മെക്കനൈസ്ഡ് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ഫോർ ബ്ലാക് സ്മിത്തി ആന്റ് കാർപെന്ററി എന്ന സ്ഥാപനം നിർമ്മാണഘട്ടത്തിലാണ്. കോഴിക്കോട് നടവണ്ണൂരിൽ പ്രൊഡക്ഷൻ കം കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായി പ്രവർത്തന സജ്ജമായിരിക്കുകയാണ്. കരകൗശല വികസന കോർപ്പറേഷൻ ഇന്ത്യ ഒട്ടാകെയുള്ള 19 വില്പന ശാലകൾ വഴി കരകൗശല തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്ത് വരുന്നു. കരകൗശല ഉല്പന്നങ്ങളുടെ വിപണനം, കാഡ്കോയുടെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം ആർട്ടിസാൻസ് മേളകൾ, ക്രാഫ്റ്റ് ബസാർ, ഗാന്ധി ശില്പ ബസാർ എന്നിവ സംഘടിപ്പിച്ച് നടത്തി വരുന്നു. പ്രദർശന വില്പനയും, ആർട്ടിസാൻസിന് ട്രെയിനിംഗും നടത്തുന്നതിന് ധനസഹായം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സംരംഭങ്ങൾ ഏതൊക്കെയാണ്; അവ ഓരോന്നിനും ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾക്കായി എന്തു തുക വീതം വകയിരുത്തപ്പെട്ടിട്ടുണ്ട്; | (ബി) | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ), ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പക്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി) എന്നിവയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സംരംഭങ്ങൾ 2011-12 സാമ്പത്തിക വർഷത്തിൽ കരകൗശല മേഖലയുടെ വികസനത്തിനായി 226 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | കരകൗശല വസ്തുക്കളുടെ ഉല്പാദന വിപണന മേഖലയിൽ എത്രപേർ തൊഴിലെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | ഈ മേഖലയിൽ ഏകദേശം 35 ലക്ഷം പേർ പണിയെടുക്കുന്നു. |
| (ഡി) | കരകൗശല വികസന കോർപ്പറേഷൻ വക ക്രാഫ്റ്റ് സെന്റർ വഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത് ? | (ഡി) | കരകൗശല വികസന കോർപ്പറേഷന് ക്രാഫ്റ്റ് സെന്റർ ഇല്ല. എന്നാൽ കോമൺ ഫെസിലിറ്റി സെന്റർ പ്രവർത്തിക്കുന്നുണ്ട്. തടികൊണ്ട് കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്ന റോമെറ്റീരിയൽ ബാങ്കും, കരകൗശല വസ്തുക്കളുടെ വൻതോതിലുള്ള ഉല്പാദനത്തിനായി 3 D പെന്റാഗ്രാഫ് വുഡ് കാർവിംഗ് മെഷീന്റെ പ്രവർത്തനവും ഈ സെന്ററിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ